**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5666** **24-03-2025 - ൽ മറുപടിയ്ക്ക്**

**എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേക്കുള്ള അരിവിതരണത്തിലുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേക്കുള്ള അരിവിതരണത്തിന് കാലതാമസം നേരിടുന്നതും തടസ്സപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേക്കുള്ള ഭക്ഷ്യ വിതരണത്തിന് ഏതാനും ചില മാസങ്ങളിൽ ട്രാൻസ്പോർട്ടേഷൻ കരാറുകാരുടെ നിസ്സഹകരണം കാരണം കാലതാമസം നേരിട്ടുവെങ്കിലും തന്മാസം തന്നെ റേഷൻ കടകളിലേക്കുള്ള വിതരണം പൂർത്തീകരിക്കുകയും റേഷൻ കടകളിൽ യഥാസമയം റേഷൻ സാധനങ്ങൾ എത്തിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ട്രാൻസ്പോർട്ടേഷൻ കരാറുകാരുമായുള്ള വിഷയങ്ങൾ പരിഹരിക്കുന്നതിലേക്കായി വകുപ്പുതല ചർച്ചകൾ നടത്തുകയും പ്രശ്ന പരിഹാരത്തിനായുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ